15 –ാം കേരള നിയമസഭ

11 –ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5241 **04-07-2024 - ൽ മറുപടിയ്ക്ക്**

ഭൂമി രജിസ്ട്രേഷൻ മുഖേന ലഭ്യമായ വരുമാനം

ചോദ്യം		ഉത്തരം	
ശ്രീ ഡി കെ മുരളി		ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)	
(എ)	ഈ സർക്കാർ വന്നശേഷം 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഭൂമി രജിസ്ട്രേഷൻ മുഖേന ലഭ്യമായിട്ടുള്ള വരുമാനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;	(എ)	2021-22 മുതൽ 2023-24 സാമ്പത്തികവർഷം വരെ രജിസ്ട്രേഷൻ വകുപ്പിന് ലഭ്യമായ വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. **രൂപ കോടിയിൽ**

വർഷം	ആധാരങ്ങളുടെ എണ്ണം	സ്റ്റാമ്പ് ഡ്യൂട്ടി	രജി. ഫീസ്	ആകെ
2021-2022	926487	3246.82	1185.07	4431.89
2022-2023	1036863	4138.59	1523.52	5662.11
2023-2024	886065	3819.86	1399.49	5219.33

(ബി)	ഭൂമിയുടെ ഫെയർവാല്യുവിൽ കുറവ് വരുത്തിയതിന്റെ പേരിൽ എത്ര പേർക്ക് പിഴയിട്ടിട്ടുണ്ടെന്നും അവരിൽ നിന്നും പിഴയിനത്തിൽ എത്ര തുക ലഭ്യമായിയെന്നുമുള്ള വിശദാംശം നൽകാമോ?	(ബി)	നിശ്ചയിക്കപ്പെട്ട ഫെയർവാല്യുവിലും കുറഞ്ഞ വില കാണിച്ച് ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്ട്രേഷനായി സ്വീകരിക്കാറില്ല. എന്നാൽ പരിശോധനയിൽ ക്ലാസിഫിക്കേഷൻ മാറ്റം മൂലമോ മറ്റ് കാരണങ്ങളാലോ വസ്തുവിന്റെ വില കുറവാണ് എന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യങ്ങളിൽ സബ് രജിസ്ട്രാർമാർ അണ്ടർവാല്യുവേഷൻ നടപടികൾക്കായി റിപ്പോർട്ട് ചെയ്യാറുണ്ട്. ഇത്തരത്തിൽ വില കുറച്ച് കാണിച്ചത് മൂലം 2021-2022 മുതൽ 2023-2024 സാമ്പത്തികവർഷം വരെ കാലയളവിൽ 42747 കേസുകൾ റിപ്പോർട്ട് ചെയ്യുകയും, അവയിൽ നിന്നും 26.12കോടി രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ